**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **21-06-2024 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈകൊണ്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (എ) | സിൽവർ ലൈൻ പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് സിൽവർ ലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി 17.06.2020നു റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. കൂടാതെ റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. റെയിൽവേയിൽനിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സിൽവർ ലൈൻ പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നതിന് ദക്ഷിണ റയിൽവേയുടെ അനുമതിപത്രം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സിൽവർലൈൻ പദ്ധതിക്കാവശ്യമായ റെയിൽവേ ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ റെയിൽവേക്കു നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ റെയിൽവേയുമായി കത്തിടപാടുകൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ